**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 438 | 29.06.2015-ലെ മറുപടിയ്ക്ക്

## വില പിടിച്ചുനിർത്തുന്നതിനായി സഹകരണ വകുപ്പ് നടത്തുന്ന ഇടപെടലുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) | |
| (എ) | വരുന്ന ഓണം, ക്രിസ്തുസ് തുടങ്ങിയ ആഘോഷങ്ങളോടനുബന്ധിച്ച് റേഷൻ കാർഡുടമകൾക്ക് അരി, പലവ്യഞ്ജനങ്ങൾ തുടങ്ങിയ വിവിധ അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് സഹകരണ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) യും (ബി) യും | ഉണ്ട്. വരുന്ന ഓണത്തോടനുബന്ധിച്ച് 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡിയോടെ വിൽപ്പന നടത്തുന്നതിനുള്ള പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ക്രിസ്തുസ് സബ്സിഡി വിപണനം സംബന്ധിച്ച് ഇപ്പോൾ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | ഇതു സംബന്ധിച്ച് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം ; | | |
| (സി) | അവശ്യ സാധനങ്ങളുടെ വില പിടിച്ചു നിർത്തുന്നതിനായി സഹകരണ വകുപ്പ് നടത്തുന്ന ഇടപെടലുകൾ ഏതെല്ലാം ; വ്യക്തമാക്കാമോ ? | (സി) | പൊതുവിപണിയിലെ വിലവർദ്ധനവ് നിയന്ത്രിച്ച് അവശ്യസാധനങ്ങളുടെ വില പിടിച്ചുനിർത്തുന്നതിനായി പൊതുവിപണിയിൽ നിന്നും 20% വരെ വിലകുറച്ച് നന്മ സ്റ്റോറുകളിലൂടെയും, വിലവർദ്ധനവിന് കൂടുതൽ സാധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർ മേഖലയിലെ അപ്പെക്സ് സ്ഥാപനമായ കൺസ്യൂമർഫെഡിന്റെ സഹകരണത്തോടെ നടത്തുന്ന സബ്സിഡി വിപണന മേളകളിലൂടെയും അവശ്യസാധനങ്ങൾ വിപണനം |

നടത്തുന്നതിനുള്ള
നടപടികളാണ് സഹകരണ
വകുപ്പ് സ്വീകരിച്ചിട്ടുള്ളത്.
ഉത്സവകാല വിപണി ഇടപെടൽ
മൂലം വിലക്കയറ്റം
തടയുന്നതിലുപരി കൃത്രിമക്ഷാമം
ഉണ്ടാക്കുന്ന പ്രവണതകൾ
നിയന്ത്രിക്കുവാനും
സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ